പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6153 10.7.2012-ൽ മറുപടിയ്ക്ക്

## ഇഞ്ചി കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സാജുപോൾ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഇഞ്ചി കർഷകരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൃഷിനാശം സംഭവിച്ച ഇഞ്ചി കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; നഷ്ടപരിഹാരം നൽകുവാൻ സർക്കാർ തയ്യാറാകുമോ ; ഇതിനകം അനുവദിച്ച തുക എത്രയാണ് ; | (ബി) | പാലക്കാട് ജില്ലയിലെ ഇഞ്ചി കർഷകർക്കുണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. രോഗ-കീട ബാധമൂലം കൃഷി നാശം ഉണ്ടായ പാലക്കാട് ജില്ലയിലെ 108.63 ഹെക്ടർ സ്ഥലത്തെ 134 കർഷകർക്ക് നഷ്ടപരിഹാരമായി 81.4725 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) ഇഞ്ചിയ്ക്ക് ന്യായവില ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (സി) | ഇഞ്ചിയുടെ വിലതകർച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹെക്ടറിന് 25,000/- രൂപ നിരക്കിൽ പരമാവധി 4 ഹെക്ടറിനുള്ള ആനുകൂല്യമാണ് അനുവദിക്കുന്നത്. കൊല്ലം, പത്തനംതിട്ട, ഇടുക്കി , മലപ്പുറം, പാലക്കാട് , കോഴിക്കോട് , വയനാട് ജില്ലകളിലെ ഇഞ്ചിക്കുണ്ടായ വിലതകർച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ചതിൽ 16.66 കോടി രൂപ നഷ്ടപരിഹാര തുകയായി നൽകുന്നതിന് ആവശ്യമായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഇപ്പോൾ കമ്മോഡിറ്റി സെഫ്റ്റി നെറ്റ് പദ്ധതി പ്രകാരം 2.52 കോടി രൂപയാണ് ധനസഹായം നൽകുന്നതിന് |

ലഭ്യമായിട്ടുള്ളത്. ബാക്കി തുക എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇഞ്ചി സംഭരണശാലയും അനുബന്ധ വിപണനകേന്ദ്രവും ആരംഭിക്കുമോ ; | (ഡി) | ആരംഭിക്കുന്നതാണ്. ഇഞ്ചിക്ക് കോൾഡ് സ്റ്റോറേജ് അടക്കമുള്ള ആധുനിക രീതിയിലുള്ള സംഭരണ ശാല RIDF സഹായത്തോടെ എറണാകുളം ജില്ലിയിലെ നേരിയമംഗലം ജില്ലാഫാമിൽ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | സംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; | (ഇ) | Small Farmers Agribusiness Consortium (SFAC) മുഖേന 2012-13 വർഷത്തിൽ പഴം, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കർഷക ഗ്രൂപ്പുകൾ മുഖേനയാണ് ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. |
| (എഫ്) | സബ്സിഡി നിരക്കിൽ ഇഞ്ചി വിത്തും വളവും മറ്റ് ഉൽപാദന സാമഗ്രികളും നൽകുമോ; | (എഫ്) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഇഞ്ചിയുടെ വിളവിസ്തൃതി വ്യാപനത്തിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 25,000 രൂപയുടെ 50 ശതമാനം 12,500 രൂപ ധനസഹായം നൽകുന്നു. വിത്ത്, വളം , മറ്റ് ഉത്പാദന സാമഗ്രികൾ എന്നിവയ്ക്കുള്ള ധനസഹായമാണ് ഈ തുക. ഈ പദ്ധതി പ്രകാരം ഒരു കർഷകന് പരമാവധി 4 ഹെക്ടർ കൃഷി ചെയ്യുന്നതിനുള്ള ധനസഹായം നൽകുന്നു. |
| (ജി) | കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് ഇഞ്ചി കർഷകർക്കായി പ്രത്യേക പാക്കേജ് അനുവദിക്കുമോ ? | (ജി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ